**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്ന സുഭിക്ഷ കോക്കനട്ട് പ്രൊഡ്യൂസേഴ്സ് കമ്പനി (ലിമിറ്റഡ്) യുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് ഒരു ഉപദേശകസമിതി രൂപീകരിച്ച് ഉത്തരവാകുന്നു. .

================================================================

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

സ.ഉ.(സാധാ)നം.3080/2017/തസ്വഭവ തിരുവനന്തപുരം, തീയതി, 18 -09-2017

================================================================

പരാമർശം: - സുഭിക്ഷ കോക്കനട്ട് പ്രൊഡ്യൂസേഴ്സ് കമ്പനി(ലിമിറ്റഡ്) ചെയർമാൻ ശ്രീ.എം.കുഞ്ഞമ്മത് മാസ്റ്റർ സമർപ്പിച്ച നിവേദനം.

**ഉത്തരവ്**

കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സംയുക്ത സഹായത്തോടെ പേരാമ്പ്ര ബ്ളോക്ക് പഞ്ചായത്തിൽ പ്രവർത്തനം ആരംഭിച്ച എസ് ജി എസ് വൈ പ്രോജക്ടായ സുഭിക്ഷ നല്ലനിലയിൽ പ്രവർത്തിച്ച് വരുന്നു. സുഭിക്ഷയുടെ ഗുണഭോക്താക്കളായ 588 കുടുംബശ്രീ /വനിതാ സംഘങ്ങൾ ചേർന്ന് 2006 ൽ സുഭിക്ഷ കോക്കനട്ട് പ്രൊഡ്യൂസേഴ്സ് കമ്പനി രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നുണ്ട്. ടി കമ്പനിയുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് ഒരു ഉപദേശക സമിതിയും, മോണിറ്ററിങ്ങ് കമ്മിറ്റിയും രൂപീകരിച്ച് പ്രവർത്തിക്കുന്നതിന് അനുമതി ആവശ്യപ്പെട്ടുകൊണ്ട് മേൽപരാമർശം പ്രകാരം ചെയർമാൻ ശ്രീ.എം.കുഞ്ഞമ്മത് മാസ്റ്റർ സർക്കാരിൽ നിവേദനം സമർപ്പിക്കുകയുണ്ടായി.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. സുഭിക്ഷ കോക്കനട്ട് പ്രൊഡ്യൂസേഴ്സ് കമ്പനിയുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനും വിപുലീകരിക്കുന്നതിനും സുഭിക്ഷ ചെയർമാന്റെ അഭ്യർത്ഥന പരിഗണിച്ച് താഴെ പറയുന്ന അംഗങ്ങളെയും, രക്ഷാധികാരിയായി പേരാമ്പ്ര എം.എൽ.എ-യെയും ഉൾപ്പെടുത്തി ഉപദേശക സമിതി രൂപീകരിച്ച് ഉത്തരവാകുന്നു..

1 ജില്ലാപഞ്ചായത്ത് പ്രസിഡന്റ്, കോഴിക്കോട് - ചെയർമാൻ
2 . പ്രോജക്ട് ഡയറക്ടർ, (പി.എ.യു) കോഴിക്കോട് - കൺവീനർ
3. ജനറൽ മാനേജർ, ജില്ലാ വ്യവസായ ഓഫീസ്
4. ഡി.എം.സി, കുടുംബശ്രീ ജില്ലാ മിഷൻ, കോഴിക്കോട്
5. സജി ഗോപിനാഥ്, IIM, കോഴിക്കോട്
6. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്, പേരാമ്പ്ര
7. പഞ്ചായത്ത് പ്രസിഡന്റുമാരുടെ അസോസിയേഷൻ ജില്ലാ ഭാരവാഹി
8. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാരുടെ അസോസിയേഷൻ ജില്ലാ ഭാരവാഹി
9. പേരാമ്പ്ര നിയോജക മണ്ഡലം പരിധിയിലെ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർ
10. തദ്ദേശ സ്വയംഭരണ വകുപ്പിലെ രണ്ട് ഉദ്യോഗസ്ഥർ
11. ലീഡ് ബാങ്ക് മാനേജർ
12. സുഭിക്ഷ കോക്കനട്ട് പ്രൊഡ്യൂസർ കമ്പനിയിൽനിന്ന് 3 പ്രതിനിധികൾ
13. സുഭിക്ഷ കോക്കനട്ട് പ്രൊഡ്യൂസർ കമ്പനി നിർദ്ദേശിക്കുന്ന 3 വിദഗ്ധർ
14. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ബ്ലോക്ക് പഞ്ചായത്ത്, പേരാമ്പ്ര
15. ബ്ലോക്ക് വ്യവസായ വികസന ഓഫീസർ, ബ്ലോക്ക് പഞ്ചായത്ത്, പേരാമ്പ്ര
16. കൺസ്യൂമർ ഫെഡ്, സിവിൽ സപ്ലൈസ്, സിഡ്കോ വകുപ്പിലെ ജില്ലാതല ഉദ്യോഗസ്ഥന്മാർ

കൂടാതെ വർഷത്തിൽ രണ്ടു തവണ പ്രോജക്ട് പ്രദേശം സന്ദർശിച്ച് ഉല്പാദനം, വിപണനം, സാങ്കേതിക വിദ്യ , ആസ്തികളുടെ സംരക്ഷണം എന്നിവ സംബന്ധിച്ച് പരിശോധന നടത്തി റിപ്പോർട്ടും പ്രശ്ന പരിഹാര റിപ്പോർട്ടും സമർപ്പിക്കുന്നതിന് ഗ്രാമ വികസന വകുപ്പിൽ നിന്ന് മൂന്ന് ഉദ്യോഗസ്ഥന്മാരെ ഉൾപ്പെടുത്തി ഒരു മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കുന്നതിന് ഗ്രാമ വികസന കമ്മീഷണറെ ചുമതലപ്പെടുത്തിയും ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

മിനിമോൾ എബ്രഹാം
അഡീഷണൽ സെക്രട്ടറി

പകർപ്പ്

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
2. ചെയർമാൻ ,സുഭിക്ഷ കോക്കനട്ട് പ്രൊഡ്യൂസേഴ്സ് കമ്പനി,നൊച്ചാട് പി ഒ,കോഴിക്കോട്.
3. ഉപദേശകസമിതിയിലെ എല്ലാ അംഗങ്ങൾക്കും(ഗ്രാമവികസന കമ്മീഷണർ മുഖേന)
4. അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
5. അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
6. ഡയറക്ടർ , ഐ റ്റി മിഷൻ തിരുവനന്തപുരം
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തൊഴിലും എക്സൈസ് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്